ആർ1–6489/06

മുനിസിപ്പൽ ഓഫീസ്,
മട്ടന്നൂർ
തീയതി: 27–05–2013

# മട്ടന്നൂർ നഗരസഭ

## വസ്തുനികുതി പരിഷ്ക്കരണം

## വിജ്ഞാപനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് 15–03–2013 ലെ ജി.ഒ–100/2013 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മട്ടന്നൂർ നഗരസഭയിലെ വസ്തുനികുതി 01–04–2013 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പരിഷ്ക്കരിക്കുന്നതിന് 13–02–2013 ലെ 29–ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചും 14–05–2013 ലെ 11–ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം സേവന ഉപനികുതികൾ നിശ്ചയിച്ചും താഴെ പറയും പ്രകാരം വിജ്ഞാപനം ചെയ്യുന്നു.

| ക്രമ നം. | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും തരം | ഒരു ച.മീറ്റർ തറ വിസ്തീർണ്ണത്തിന് നിശ്ചയിക്കപ്പെട്ട ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) |
|---|---|---|
| I | പാർപ്പിട ആവശ്യത്തിനുള്ളവ | 6 |
| II | വാണിജ്യാവശ്യത്തിനുള്ളവ | |
| (1) | 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 40 |
| (2) | 100 ച.മീറ്ററിന് മുകളിൽ | 70 |
| (3) | 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ ഷോപ്പിംഗ് മാളുകൾ | 40 |
| (4) | 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 90 |
| (5) | ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 40 |
| III | ആഫീസ് ഉപയോഗത്തിനുള്ളവ | 40 |
| IV | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 6 |
| V | ആശുപത്രികൾ | 6 |
| VI | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമാ തീയേറ്റർ, ലോഡ്ജ്, കല്ല്യാണ മണ്ഡപം | 30 |
| VII | വ്യവസായ ആവശ്യത്തിനുള്ളവ. | |
| (1) | കൈത്തറി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്ക്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, ഇഷ്ടിക ചൂള, തടിമിൽ. | 15 |
| (2) | ഇതര വ്യവസായങ്ങൾക്കുള്ളവ | 50 |
| VIII | റിസോർട്ടുകൾ | 80 |
| IX | അമ്യൂസ്മെന്റ് പാർക്ക് | 30 |
| X | മൊബൈൽ ടെലഫോൺ ടവർ | 400 |

**സേവന ഉപനികുതി**

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതിയുടെ 2 ശതമാനം.

മേൽ പ്രകാരം നികുതി നിരക്കുകൾ നിശ്ചയിച്ചതിൽ എന്തെങ്കിലും ആക്ഷേപങ്ങളുള്ളപക്ഷം ഈ പരസ്യ തീയതിക്ക് 30 ദിവസത്തിനുള്ളിൽ നഗരസഭാ സെക്രട്ടറിക്ക് രേഖാമൂലം പരാതി ബോധിപ്പിക്കാവുന്നതാണ്.

വിശദവിവരങ്ങൾ നഗരസഭാ റവന്യു സെക്ഷനിൽ നിന്നും അന്വേഷിച്ചറിയാവുന്നതാണ്.

സെക്രട്ടറി
മട്ടന്നൂർ നഗരസഭ